20 copies

11070/15

046850

OFFICE OF THE COMMISSIONER OF LAND REVENUE
RECEIVED
25 NOV 2015

A4

# കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - ഐ റ്റി/ഹൈടെക് പാർക്കുകൾക്കുള്ളിലെ കൃഷിയോഗ്യമല്ലാത്ത നെൽവയലുകളുടെ പരിവർത്തനത്തിനു അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(എം എസ്) നം. 624/15/റവന്യൂ. തിരുവനന്തപുരം, തീയതി 21.11.2015

---

പരാമർശം - സ. ഉ (അച്ചടിച്ചത്) നം. 84/2015/റവന്യൂ, തീയതി 26..02..2015

## ഉത്തരവ്

സർക്കാർ പൊതു ആവശ്യത്തിന്റെ നിർവ്വചനത്തിൽപ്പെടുത്തി 1999-ലെ ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിന്റോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ഏരിയ ഡവലപ്പ്മെന്റ് ആക്റ്റിന്റെ പരിധിയിൽ ഇൻഡസ്ട്രിയൽ ഏരിയയായി പ്രഖ്യാപിക്കുന്ന പ്രൈവറ്റ് ഐ.റ്റി/ഹൈടെക് പാർക്കുകൾക്കുള്ളിലെ കൃഷിയോഗ്യമല്ലാത്ത നെൽവയലുകളെ ചില നിബന്ധനകളോടെ പരിവർത്തനപ്പെടുന്നതിന് തീരുമാനിച്ചിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള എസ്.ആർ.ഒ 107/2015 തീയതി 27..02..2015 വിജ്ഞാപന പ്രകാരം ഉയർന്ന നിക്ഷേപ സാദ്ധ്യതയുള്ളതും പൊതുവായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ പ്രൈവറ്റ് ഇന്റഗ്രേറ്റഡ് ആന്റ് ഹൈടെക് പാർക്കുകളെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ആവശ്യാർത്ഥം പൊതു ആവശ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതു ആവശ്യങ്ങൾക്കായി നിലം നികത്തുന്നതോ പരിവർത്തനപ്പെടുത്തുന്നതോ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പ്രസക്തമായ ചട്ടങ്ങൾ പ്രകാരമാണ്. പ്രസ്തുത ചട്ടങ്ങൾ പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രാദേശികതല സമിതി മുമ്പാകെ ഇതിനായുള്ള അപേക്ഷ സമർപ്പിക്കപ്പെടേണ്ടതും പ്രസ്തുത അപേക്ഷയിന്മേൽ കാർഷികോല്പാദന കമ്മീഷണർ കൺവീനറായിട്ടുള്ള സംസ്ഥാന സമിതിയുടെ ശുപാർശ പ്രകാരം സർക്കാർ അന്തിമതീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

സർക്കാർ ഇക്കാര്യം വീണ്ടും സമഗ്രമായി പരിശോധിച്ചു. 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിന്റോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺ ഷിപ്പ് ഏരിയ ഡവലപ്പ്മെന്റ് ആക്റ്റിന്റെ പരിധിയിൽ ഇൻഡസ്ട്രിയൽ ഏരിയയായി പ്രഖ്യാപിക്കപ്പെടുന്ന പ്രൈവറ്റ് ഐ.റ്റി/ഹൈടെക് പാർക്കുകൾക്കുള്ളിലെ കൃഷിയോഗ്യമല്ലാത്ത നെൽവയലുകൾ മേൽ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

ഡോ.വിശ്വാസ് മേത്ത
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, ആന്റ് എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
വ്യവസായ വകുപ്പ്
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ.റ്റി ഡിപ്പാർട്ട്മെന്റ്
വിവര പൊതുജന സമ്പർക്ക(വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
കൃഷി (എൻ.സി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ